ക്രമ നമ്പർ	പൂർണ്ണമായും കേന്ദ്ര സഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതികൾ	ബഡ്ജറ്റ് വിഹിതം (ലക്ഷത്തിൽ)	നിർവ്വഹണ പുരോഗതി(ലക്ഷത്തിൽ)
1.	കിശോരി ശക്തി യോജന	191.4	89.95
2.	കൗമാരപ്രായക്കാരായ പെൺകുട്ടികളുടെ ശാക്തീകരണത്തിനുള്ള രാജീവ് ഗാന്ധി പദ്ധതി	1650	ഒക്ടോബർ മാസം വരെ തുകയൊന്നും ചെലവഴിച്ചിട്ടില്ല. എന്നാൽ നവംബർ മാസം പ്രസ്തുത പദ്ധതി പ്രകാരം 278.385 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.
3.	ഇന്ദിരാഗാന്ധി മാതൃത്വ സഹയോഗ് യോജന	1000	ഒക്ടോബർ മാസം വരെ തുകയൊന്നും ചെലവഴിച്ചിട്ടില്ല. എന്നാൽ നവംബർ മാസം പ്രസ്തുത പദ്ധതി പ്രകാരം 665 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ

312(3599) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെകാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ മുഖേന എന്തെല്ലാം ക്ഷേമപ്രവർത്തനങ്ങളാണ് നടത്തുന്നതെന്ന് വ്യക്തമാക്കാമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അംഗവൈകല്യമുള്ളവർക്ക് സ്വയം തൊഴിൽ പദ്ധതിയ്ക്കായി എന്ത് തുക വായ്പയായി നൽകിയെന്ന് ജില്ല തിരിച്ച് വിശദമാക്കാമോ ;

(സി) ഐ.ടി മേഖലയിൽ വികലാംഗരെ ആകർഷിക്കുന്നതിന് കോർപ്പറേഷൻ നടപ്പിലാക്കുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) അനുബന്ധമായി ചേർത്തിരിക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ബാങ്ക് ലോൺ പദ്ധതിയിലൂടെ സ്വയം തൊഴിൽ ചെയ്യുന്നതിനായി 1,26,10,255 രൂപ 1592 ഗുണഭോക്താക്കൾക്ക് സബ്സിഡി ഇനത്തിൽ നൽകിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു:

ക്രമ നമ്പർ	ജില്ല	എണ്ണം	തുക
1.	തിരുവനന്തപുരം	439	29,54,172
2.	കൊല്ലം	93	7,66,100
3.	പത്തനംതിട്ട	161	13,70,050
4.	ആലപ്പുഴ	208	15,35,603
5.	കോട്ടയം	95	6,45,000
6.	ഇടുക്കി	66	5,80,750
7.	എറണാകുളം	140	11,66,300
8.	തൃശ്ശൂർ	141	12,59,630
9.	പാലക്കാട്	46	5,43,000
10.	മലപ്പുറം	28	3,14,300
11.	കോഴിക്കോട്	56	4,31,650
12.	വയനാട്	10	16,5,200
13.	കണ്ണൂർ	55	3,93,250
14.	കാസർഗോഡ്	54	4,85,250
	ആകെ	1592	1,26,10,255

എൻ.എച്ച്.എഫ്.ഡി.സി. വായ്പ പദ്ധതിയിലൂടെ 549 ഗുണഭോക്താക്കൾക്ക് ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം വായ്പ അനുവദിച്ചിട്ടുണ്ട്.

ക്രമ നമ്പർ	ജില്ല	എണ്ണം	തുക
(1)	(2)	(3)	(4)
1.	തിരുവനന്തപുരം	269	5,24,57,755
2.	കൊല്ലം	15	36,75,250
3.	പത്തനംതിട്ട	9	25,22,500

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)	(4)
4.	ആലപ്പുഴ	51	1,05,06,875
5.	കോട്ടയം	12	20,11,000
6.	ഇടുക്കി	7	15,44,650
7.	എറണാകുളം	23	44,56,450
8.	തൃശ്ശൂർ	13	21,19,175
9.	പാലക്കാട്	10	30,34,950
10.	മലപ്പുറം	18	35,18,070
11.	കോഴിക്കോട്	94	1,55,72,578
12.	വയനാട്	8	16,44,250
13.	കണ്ണൂർ	14	20,51,500
14.	കാസർഗോഡ്	6	9,48,650
	ആകെ	549	10,60,63,653

(സി) ഐ.ടി. മേഖലയിലേയ്ക്ക് വികലാംഗരെ ആകർഷിക്കുന്നതിന് കോർപ്പറേഷൻ പ്രത്യേകമായി പദ്ധതികളൊന്നും നടപ്പിലാക്കുന്നില്ല. എന്നാൽ സ്വയംതൊഴിൽ കണ്ടെത്തുന്നതിന് വായ്പ വാങ്ങുന്ന ആളുകൾ ഐ.ടി. മേഖലയിലും ഏർപ്പെടുന്നുണ്ട്.

ബാലാവകാശ സംരക്ഷണ കമ്മീഷൻ

313 (3600) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെകാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണെന്നും ഇത് എപ്പോഴാണ് രൂപീകരിച്ചത് എന്നും വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത കമ്മീഷനിൽ എത്ര അംഗങ്ങളുണ്ടെന്നും അത് ആരൊക്കെയാണെന്നും ഇവരുടെ സേവന വേതന വ്യവസ്ഥകൾ എന്തൊക്കെയാണെന്നും അറിയിക്കുമോ ;

(സി) പ്രസ്തുത കമ്മീഷന് ഇതുവരെ എത്ര പരാതികൾ ലഭിച്ചുവെന്നും എത്ര പരാതികളിൽ തീർപ്പു കൽപ്പിച്ചുവെന്നും വിശദമാക്കുമോ;

(ഡി) സ്ഥിരം, കരാർ, ദിവസ വേതന അടിസ്ഥാനത്തിലുള്ള എത്ര ജീവനക്കാർ നിലവിൽ കമ്മീഷനിലുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly